പതിനാലാം കേരള നിയമസഭ

22 ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 276 12.01.2021 -ൽ മറുപടിക്ക്

## വർക്കല താലൂക്ക് ആശുപത്രി

**ചോദ്യം**

**ശ്രീ.വി.ജോയി**

**മറുപടി**

**കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദാംശ സഹിതം അറിയിക്കാമോ ; | (എ) | വർക്കല മണ്ഡലത്തിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളായ ചെമ്മരുതി, പള്ളിക്കൽ, മടവൂർ, ഇടവ, വെട്ടൂർ, തോണിപ്പാറ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. രാവിലെ 9 മുതൽ വൈകിട്ട് 6 മണി വരെ ഒ.പി പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യാലിറ്റി സേവനങ്ങളായ ശ്വാസ്, ആശ്വാസ് എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. നയനാമൃതം പദ്ധതി കുടുംബാരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു.<br>കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തി |

| | | | |
|---|---|---|---|
| | | | ക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം, അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാണ്. 60 വയസ്സ് കഴിഞ്ഞവർക്ക് പ്രത്യേക കൗണ്ടറും പ്രവർത്തിക്കുന്നു. ഇതു കൂടാതെ വർക്കല താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. മൂന്നുകോടി അൻപത് ലക്ഷം രൂപയുടെ ഡയാലിസിസ് യൂണിറ്റ് കെട്ടിടത്തിന്റെ പണികൾ അന്തിമ ഘട്ടത്തിലാണ്. തീരദേശ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച മൂന്ന് നിലയുള്ള പാലിയേറ്റീവ് കെയർ വാർഡിന്റെ പണികൾ പൂർത്തിയായി. 7 കോടി രൂപ ചിലവിൽ പി.ഡബ്ല്യു.ഡി പണി കഴിപ്പിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാ ണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ ഇടവ പ്രാഥമികാ രോഗ്യകേന്ദ്രത്തിൽ പതിനാല് ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടത്തി വരുന്നു. എം.പി ഫണ്ട് വഴി ആംബുലൻസ് ലഭ്യമാക്കിയിട്ടുണ്ട്. ഇതു കൂടാതെ പതിനൊന്ന് ലക്ഷം രൂപയുടെ ആശുപത്രി ഉപകരണങ്ങളും മറ്റു അനുബന്ധ സൗകര്യ ങ്ങളും |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയിട്ടുണ്ട്. വർക്കല നിയോജക മണ്ഡലത്തിലെ നാവായിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി പരിവർത്തനം ചെയ്തു കൊണ്ടുള്ള ഉത്തരവ് ആയിട്ടുണ്ട്. |
| (ബി) | വർക്കല താലൂക്ക് ആശുപത്രിയുടെ വികസനത്തിന് എന്തെങ്കിലും പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | (ബി) | വർക്കല താലൂക്ക് ആശുപത്രിയുടെ വികസനം കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 39,97,77,773/- രൂപയുടെ(മുപ്പത്തി ഒൻപത് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയ കെ.എസ്.ഇ.ബി വിശദമായ റിപ്പോർട്ടും രൂപരേഖകളും കിഫ്ബി യുടെ പരിശോധനകൾക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ കിഫ്ബിയുടെ വിശദമായ പരിശോധന നടന്നു വരികയാണ്. കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെന്റർ ചെയ്ത് പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ